## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4332 — 17.05.2017 ൽ മറുപടിക്ക്

### പൂഴനാട് പി എച്ച് സി യെ സി എച്ച് സി ആയി ഉയർത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പൂഴനാട് പി .എച്ച്.സി യെ സി.എച്ച്.സി ആയി ഉയർത്തുന്നതിന് നൽകിയിരുന്ന നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന കാര്യമാണ് ഇപ്പോൾ പരിഗണിച്ചു വരുന്നത്. |
| (ബി) | പൂഴനാട് പി.എച്ച്.സി യെ സി.എച്ച്.സി ആയി ഉയർത്തുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | 28.03.2017 ലെ സ.ഉ.(സാധാ) നം. 845/17/ആ.കു.വ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ പൂഴനാട് പി.എച്ച്.സിയും ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ പി. എച്ച്.സി കളെ സി എച്ച് സി ആയി ഉയർത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ 6 പി.എച്ച്.സിയും 2 സി.എച്ച്.സി യും ഒരു താലൂക്കാശുപത്രിയും നിലവിൽ സേവനം നൽകി വരുന്നുണ്ട്. നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടിയാണ് സ്വീകരിക്കുന്നത്. പി.എച്ച്.സി യെ സി.എച്ച്.സി ആയി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ